<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനാറാം സമ്മേളനം**</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം **നം.6180**

**20.11.2019 -ൽ മറുപടിയ്ക്ക്**

<u>**വയനാട് ജില്ലയിലെ സ്വാഭാവിക വനം സംരക്ഷിക്കാൻ നടപടി**</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഒ. ആർ. കേളു : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലയിൽ എവിടെ യെങ്കിലും വനം വകുപ്പ് സ്വാഭാവിക വനം വെട്ടിമാറ്റി തേക്ക് പ്ലാന്റേഷൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) വയനാട് ജില്ലയിൽ വനം വകുപ്പ് സ്വാഭാവിക വനം വെട്ടിമാറ്റി തേക്ക് പ്ലാന്റേഷൻ ആരംഭിക്കാൻ തീരുമാനം എടുത്തിട്ടില്ല. സ്വാഭാവിക വനം വെട്ടി തോട്ടങ്ങളാക്കുന്നത് 1980 ലെ കേന്ദ്ര വന (സംരക്ഷണ) നിയമ പ്രകാരം നിരോധിച്ചിട്ടുള്ള പ്രവൃത്തിയാണ്. |
| (ബി) വയനാട് ജില്ലയിലെ സ്വാഭാവിക വനം സംരക്ഷിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) വനാതിർത്തികളിൽ ജണ്ട കെട്ടി വേർതിരിച്ച്, വനം കയ്യേറ്റം ഉണ്ടാകാതെ സംരക്ഷിക്കുന്നുണ്ട്. സ്വാഭാവിക വനത്തിന് ഏറ്റവും കൂടുതൽ നാശനഷ്ടം സംഭവിക്കുന്നത് കാട്ടുതീ മൂലമാണ്. വയനാട് നോർത്ത്, വയനാട് സൗത്ത്, വയനാട് വൈൽഡ് ലൈഫ് എന്നീ ഡിവിഷനുകളിലെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ നൂതന 'റിമോട്ട് സെൻസിങ്ങ്' വിദ്യയുടെ സഹായത്തോടെ |

ഊർജ്ജിതമായി നടപ്പിലാക്കുന്നുണ്ട്. കൂടാതെ കാട്ടുതീ പ്രതിരോധത്തിന് സ്ഥിരം ജീവനക്കാരെയും, താൽക്കാലിക ജീവനക്കാരെയും നിയോഗിച്ചുവരുന്നുണ്ട്. സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനായി മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. വയനാട് ജില്ലയിലെ സ്വാഭാവിക വനങ്ങളിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നശിപ്പിക്കുന്നതിനും മഞ്ഞക്കൊന്നയുടെ വ്യാപനം തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**